## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1174

1/07/2015 ൽ മറുപടിയ്ക്ക്

### ചേമഞ്ചേരി സബ്ബ് രജിസ്റ്റാർ ഓഫീസ് പുതുക്കി പണിയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്റ്റാർ ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് ചേമഞ്ചേരി വില്ലേജ് ഓഫീസർ കൊയിലാണ്ടി തഹസിൽദാർക്ക് സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് സ്ഥലം റിലിംഗ്വിഷ് ചെയ്യുന്നതിനായി താലൂക്ക് ഓഫീസിൽ സ്വീകരിച്ച നടപടി, ബന്ധപ്പെട്ട ഫയലിന്റെ പൂർണ്ണമായ പകർപ്പ് (നോട്ട്ഫയൽ ഉൾപ്പടെ) ലഭ്യമാക്കിക്കൊണ്ട് വ്യക്തമാക്കാമോ ; | (എ) | ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ചേമഞ്ചേരി പഞ്ചായത്ത്, രജിസ്റ്റാർ ഓഫീസിനായി വിട്ടുനൽകാമെന്ന് തീരുമാനിച്ചിട്ടുള്ള സ്ഥലത്തിന്റെ ഏതെങ്കിലും ഭാഗം എൻ.എച്ച് വികസനത്തിന് ഏറ്റെടുക്കേണ്ടി വരുമോ എന്നത് സംബന്ധിച്ച് റവന്യൂ (എൽ.എ.) വകുപ്പിൽ വിവരങ്ങൾ/അറിയിപ്പ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) | ചേമഞ്ചേരി സബ് രജിസ്റ്റാർ ഓഫീസ് നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ള റീ.സ 124/4 ബി യിൽപ്പെട്ട 0.0266 ഹെക്ടർ സ്ഥലം ദേശീയപാതയ്ക്കുവേണ്ടി ഏറ്റെടുക്കുന്നതിന് എൻ.എച്ച് ആക്ട് പ്രകാരം 3(ഡി) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | താലൂക്ക് ഓഫീസിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ; | (സി)<br>(ഡി)<br>&<br>(ഇ) | ചേമഞ്ചേരി വില്ലേജിലെ ചേമഞ്ചേരി ദേശത്ത് റി.സ 124/4 ബിയിൽ പ്പെട്ടതും ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 16.16 സെന്റ് സ്ഥലത്തുനിന്നും 7½ സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ചേമഞ്ചേരി സബ് രജിസ്റ്റാർ ഓഫീസ് കെട്ടിടം പണിയുന്നതിന് ഭൂമി വിട്ടൊഴിയുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ നൽകിയിരുന്നു. എന്നാൽ ദേശീയ പാതയിൽ വികസനത്തിന്റെ ഭാഗമായി വീതികൂട്ടുമ്പോൾ 16.16 സെന്റ് സ്ഥലത്തിന്റെ ഏകദേശം മധ്യഭാഗത്തു |
| (ഡി) | റവന്യൂ വകുപ്പിൽ/താലൂക്കിൽ നിന്ന് രജിസ്ട്രേഷൻ/ജില്ലാ രജിസ്റ്റാർക്ക് എന്തെങ്കിലും ക ത്തുകൾ ഈ വിഷയത്തിൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | | |
| (ഇ) | ഉണ്ടെങ്കിൽ അതിന് മറുപടി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വളരെ | | |

| | | | |
|---|---|---|---|
| | പ്രധാനപ്പെട്ട ഫയൽ എന്ന നിലയിൽ തഹസിൽദാർ ഈ കാര്യത്തിൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | | കൂടിയാണ് അലൈൻമെന്റ് പോകാൻ സാധ്യതയുള്ളതായി കാണുന്നത്. ആയതിനാൽ ശേഷിക്കുന്ന സ്ഥലത്ത് നിന്നും 7½ സെന്റ് സ്ഥലം ഗ്രാമപഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറാണോ എന്നും, പ്രസ്തുത സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കെട്ടിടം പണിയാൻ അനുയോജ്യമാണോ എന്നും, അറിയുന്നതിന് വേണ്ടി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ രജിസ്ട്രാർക്കും താലൂക്ക് ഓഫീസിൽ നിന്നും 30.9.14 ന് കത്തയച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | സമയബന്ധിതമായി ഫയലിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ ? | (എഫ്) | ജില്ലാ കളക്ടറിൽ നിന്നും ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ഭൂമി കൈമാറ്റ ശുപാർശയും അനുബന്ധ രേഖകളും ലഭ്യമാകുന്ന മുറയ്ക്ക്, അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ